## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3296 | 09.04.2013 - ൽ മറുപടിക്ക്

## ഓട്ടിസം, ബധിരത, കാഴ്ചക്കുറവ് തുടങ്ങിയ വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.കെ.ബഷീർ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) ഓട്ടിസം, ബധിരത, കാഴ്ച ക്കുറവ് തുടങ്ങിയ വൈകല്യങ്ങളുള്ള കുട്ടികൾക്ക് ഇൻക്ലൂസീവ് എഡ്യൂക്കേഷൻ നൽകണമെന്ന കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഓഫ് ദ ഡിസ്ആബിൾഡ് അറ്റ് ദ സെക്കൻഡറി സ്റ്റേജ് (IEDSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും ഇൻക്ലൂസീവ് എഡ്യൂക്കേഷൻ നടപ്പാക്കി വരുന്നു. |
| (ബി) ഇത്തരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ; മാനദണ്ഡപ്രകാരമുള്ള സ്കൂളുകളിലെല്ലാം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS -നു കീഴിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 1:5 അനുപാതത്തിൽ സ് പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (റിസോഴ്സ് അദ്ധ്യാപകർ) നിയമിക്കണമെന്ന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം നിർദ്ദേശിക്കുന്നത്. എന്നാൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഈ അനുപാതത്തിൽ നിയമനം നടത്താൻ സാധിക്കുന്നില്ല. 2012-13 വർഷം 622 റിസോഴ്സ് അദ്ധ്യാപകരെ ഏകദേശം 1200-ഓളം സ്കൂളുകളിൽ നിയമിച്ചിട്ടുണ്ട്. |

(സി) ഈ പദ്ധതി സെക്കൻഡറി സ്കൂളുകളിലേക്ക് വ്യാപിപ്പിക്കാനുള്ള കേന്ദ്ര നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്നും എത്ര സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) IEDSS പദ്ധതി സംസ്ഥാനത്തെ സെക്കൻഡറി സ്കൂളുകളിലാണ് നടപ്പാക്കി വരുന്നത്. 2009-10 മുതലാണ് ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ പൊതു വിദ്യാലയങ്ങളിലും നടപ്പാക്കി വരുന്നത്.

(ഡി) ഈ പദ്ധതികൾക്കായി പ്രതിവർഷം എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നുണ്ടെന്നും എത്ര തുക അതിൽ നിന്നും ചെലവിടുന്നുണ്ടെന്നതിന്റെയും കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് നൽകാമോ?

(ഡി) 2009-10 വർഷം മുതലാണ് IEDSS പദ്ധതി നടപ്പിലാക്കി വരുന്നത്. ഇതിന് ചെലവഴിച്ച തുകയും കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുകയും ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക(തുക ലക്ഷത്തിൽ) | കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക (തുക ലക്ഷത്തിൽ) |
|---|---|---|
| 2009-10 | 1350.77 | 1350.76 |
| 2010-11 | 1507.52 | 1362.92 |
| 2011-12 | 1848.28 | 927.30 |
| 2012-13 | 2295.30 | 1052.87 |

സെക്ഷൻ ഓഫീസർ